കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വളപട്ടണം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/22/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698
തീയതി: 14.02.2020

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
വളപട്ടണം ഗ്രാമപഞ്ചായത്ത്.

സർ,

| | | |
|---|---|---|
| വിഷയം | : | വളപട്ടണം ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്. |

******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം1ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/22/2020      തീയ്യതി: 14.02.2020

# കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 01.02.2019 മുതൽ 05-12-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ശശികുമാർ.എം.പി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.12.2019 മുതൽ 21.12.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഷഹീൻ പി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഉഷ എ, |

| | |
|---|---|
| | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അന്ന അബ്രഹാം, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.വി.കെ. ലളിതാ ദേവി | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീമതി ടി.കെ. ബീന | 01.04.18 മുതൽ 31.03.19 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സതീഷ് കുമാർ ഡി. | 01.04.18 മുതൽ 30.04.18 വരെ |
| | ഡോ.സോണിയ എം.എസ്. | 01.05.18 മുതൽ 07.03.19 വരെ |
| | ശ്രീമതി.റമീസ ഇ.എം. | 08.03.19 മുതൽ 31.03.19 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.ദീപ ജേക്കബ് | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, (പി എച്ച് സി) | ഡോ.ജ്ഞുംജ്ഞമി പി.എ. | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | ഡോ.ധന്യ കെ. | 01.04.18 മുതൽ 31.03.19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഐവി ഐസക്ക് | 01.04.18 മുതൽ 07.01.19 വരെ |
| | ശ്രീ.നൗഷാദ് | 08.01.19 മുതൽ 30.01.19 വരെ |
| | ശ്രീമതി.കവിത കെ.കെ. | 31.01.19 മുതൽ 31.03.19 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.ശ്യാമള സി.വി. | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.നവ്യ വേണുഗോപാൽ | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.രാഗിണി കെ.കെ. | 01.04.18 മുതൽ 30.04.18 |

| | | |
|---|---|---|
| | | വരെ |
| | ശ്രീ.സരസൻ ബി. | 01.05.18 മുതൽ 31.03.19 വരെ |

ഉള്ളടക്കം


| ഭാഗം 1 – ഓഡിറ്റ് റിപ്പോർട്ട് | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് ബാലൻസ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കിലെ അപാകതകൾ |
| 12 | 1-12 | ലൈബ്രറിയിലേക്ക് നൽകുന്ന രശീതുകൾ പഞ്ചായത്തിന്റെ സ്റ്റോക്കിലെടുക്കുന്നില്ല.. |
| 13 | 1-13 | തൊഴിൽ നികുതി ഈടാക്കിയില്ല. |
| 14 | 1-14 | വസ്തുനികുതി പരിഷ്കരണ സമയത്ത് സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്താത്തതുമൂലം നിലവിൽ വസ്തു നികുതി ഡിമാൻറ് ചെയ്യപ്പെടാത്ത കെട്ടിടങ്ങളുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. |
| 15 | 1-15 | വ്യക്തിഗത ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്- അപാകങ്ങൾ |
| 16 | 1-16 | സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം സാധനങ്ങൾ വാങ്ങുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 17 | 1-17 | മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ - ഗ്രാമസഭയിൽ മാർക്ക് ലഭിക്കാത്തവർക്കും ആനുകൂല്യം |
| 18 | 1-18 | കുടുംബ ആരോഗ്യ കേന്ദ്രത്തിലേക്ക് കമ്പ്യൂട്ടർ ,ഫോട്ടോ കോപ്പിയർ, സ്കാനർ മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -യുപിഎസ് ലഭ്യമാക്കിയില്ല ₹3565 തടസ്സപ്പെടുത്തുന്നു |
| 19 | 1-19 | വൈദ്യുതി, വെള്ളക്കരം, ടെലഫോൺ ചാർജ് - പ്രോജക്റ്റിൽ തനത് |

| | | |
|---|---|---|
| | | ഫണ്ട് തുക വകയിരുത്താതെ ചെലവു ചെയ്തു. |
| 20 | 1-20 | പെയിൻ ആന്റ് പാലിയേറ്റീവ്- ഉപകരണങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹22848 തടസ്സപ്പെടുത്തുന്നു. |
| 21 | 1-21 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല. |
| 22 | 1-22 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് വിഹിതമൊടുക്കുമ്പോൾ കളക്ഷൻ ചാർജ് കുറവ് വരുത്തുന്നില്ല. |
| 23 | 1-23 | മരാമത്ത് പ്രവൃത്തികൾ – പൊതു അപാകങ്ങൾ |
| 24 | 1-24 | റോഡ് ടാറിംഗ്/റീ-ടാറിംഗ് പ്രവൃത്തികൾ - ഒഴിഞ്ഞ ബാരലിന്റെ വില, ജി എസ് ടി എന്നിവ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ഒടുക്കുന്നില്ല. |
| 25 | 1-25 | സമയബന്ധിത ഹയർഗ്രേഡ് കുടിശ്ശിക 12,270/- രൂപ അധിക ചെലവ് |
| 26 | 1-26 | എസ്.എൽ.ഐ., ജി.ഐ.എസ് വരിസംഖ്യ – സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. |
| 27 | 1-27 | സ്ട്രീറ്റ് ലൈറ്റിന് എ.എം.സി സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല |
| 28 | 1-28 | പത്രപരസ്യം ഡിസ്കൗണ്ട് ലഭ്യമാകുന്നില്ല |
| 29 | 1-29 | വിവിധ പ്രോജക്ടുകൾക്ക് അനുവദിച്ച തുകകളുടെ വിനിയോഗം സംബന്ധിച്ച് |
| 30 | 1-30 | വാഹനങ്ങളുടെ ഇൻഷുറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന നടത്തുന്നില്ല. |
| 31 | 1-31 | ലൈബ്രറിയുടെ പ്രവർത്തനം മാതൃകാപരം |
| 32 | 1-32 | വാഹന പരിപാലനം സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. |
| ഭാഗം 2-വരവു കണക്കുകളിന്മേലുള്ള വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| ഇല്ല | | |
| ഭാഗം 3-ചെലവു കണക്കുകളിന്മേലുള്ള വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| ഇല്ല | | |
| 33 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 34 | 4-2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 35 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| | | |

| | | |
|---|---|---|
| 36 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 37 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 38 | 4-6 | സ്ഥിര നിക്ഷേപം |
| 39 | 4-7 | ഓഡിറ്റ് റിക്കവറി |
| 40 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 41 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 42 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 43 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
| അനുബന്ധ പത്രികകൾ | | |
| 44 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 45 | അനുബന്ധം2-1 | റെസീറ്റ് & പേമെന്റ് പത്രിക |
| 46 | അനുബന്ധം2-2 | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക |
| 47 | അനുബന്ധം2-3 | ബാലൻസ് ഷീറ്റ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 26.03.18 തീയതിയിലെ 61/1 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 14.02.19 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 85,70,826 | 1,05,20,696 |
| വരവ് | 10,62,53,500 | 16,99,72,708 |
| ആകെ | 11,48,24,326 | 18,04,93,404 |
| ചെലവ് | 10,82,59,000 | 16,46,31,451 |
| നീക്കിയിരിപ്പ് | 65,65,326 | 1,58,61,953 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2019 | 16.05.2019 | തിരിച്ചയച്ചിട്ടില്ല |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10520696 |
| വരവ് | 151600273 |
| ആകെ | 162120969 |
| ചെലവ് | 137054256 |
| നീക്കിയിരിപ്പ് | 25066713 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 5266000 | 5266000 | 4268841 | 997159 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 468000 | 468000 | 374400 | 93600 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 58000 | 58000 | 0 | 58000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 1133000 | 1133000 | 1109097 | 23903 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2780000 | 2780000 | 2734855 | 45145 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | | 0 | 1986000 | 1986000 | 1861514 | 124486 |
| സാക്ഷരത | | 90307 | 4572 | 94879 | 0 | 94879 |
| ദുരിതാശ്വാസനിധി | | 47314 | 11619 | 58933 | 0 | 58933 |
| എം.ജി.എൻ. അർ. ജി.ഇ. എസ് | തൊഴിലാളികളുടെ കൂലി | 0 | 230000 | 230000 | 230000 | 0 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | ഭരണ ചെലവ് | 3300 | 126 | 3426 | 0 | 3426 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 152086 | 364488 | 516574 | 29020 | 487554 |
| ടി.എസ്.സി | | 64846 | 515161 | 580007 | 0 | 580007 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 9360 | 9360 | 9360 | 0 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | | 0 | 120000 | 120000 | 120000 | 0 |
| കേരളോത്സവം | | 0 | 20000 | 20000 | 0 | 20000 |
| എംഎൽഎ ഫണ്ട് | | 1925 | 8 | 1933 | 0 | 1933 |
| വിമുക്തി | | 37623 | 25000 | 62623 | 19402 | 43221 |
| സാക്ഷരത | | 90307 | 4572 | 94879 | 0 | 94879 |
| ലൈബ്രറി ഗ്രാന്റ് | | 11000 | 53400 | 64400 | 24999 | 39401 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 39600 | 39600 | 39600 | 0 |
| അഗതി കേരളം | | 0 | 227921 | 227921 | 0 | 227921 |
| വിധവാ പെൻഷൻ | | 0 | 3171600 | 3171600 | 3171600 | 0 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | | 0 | 1177800 | 1177800 | 1177800 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 7352400 | 7352400 | 7352400 | 0 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | | 0 | 114000 | 114000 | 114000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 51095 | 1943200 | 1994295 | 1733911 | 260384 |
| | ജില്ലാ പഞ്ചായത്ത് | 100197 | 100000 | 200197 | 152365 | 47832 |

തൻവർഷം ജനറൽ പർപ്പസ് ഫണ്ടിൽ 38,07,412/- രൂപ വരവുണ്ട്. പദ്ധതിച്ചെലവുകൾക്കുള്ള എ സി ആർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ കൃത്യമായ വരവു ചെലവു കണക്കുകൾ ലഭ്യമല്ല. തനതു ഫണ്ട് അക്കൗണ്ടുകളിൽ വിവിധ കാലയളവുകളിൽ മറ്റു ഏജൻസികളിൽ നിന്ന് ലഭ്യമായ ഫണ്ടുകളും ഉൾപ്പെടുന്നുണ്ട്. അവയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ തനതു ഫണ്ട് അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

# 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 121 | 26725391 | 88 | 17779074 | 6 | 33 | 82 | 68 |

സമയബന്ധിതമായി പൂർത്തിയാക്കാത്തത് കാരണം ലാപ്സായ തുകയുടെ വിവരം

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് | ലാപ്സായ തുക | ലാപ്സായ തുക ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 5266000 | 4268841 | 997159 | 18.94 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 468000 | 374400 | 93600 | 20 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 58000 | 0 | 58000 | 100 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 1133000 | 1109097 | 23903 | 2.11 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 2780000 | 2734855 | 45145 | 1.62 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 1986000 | 1861514 | 124486 | 6.27 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 1088887 | 1056230 |
| | | | | |

| | | | | |
|---|---|---|---|---|
| വെറ്റിനറി സർജ്ജൻ | 7 | 6 | 400000 | 287535 |
| മെഡിക്കൽഓഫീസർ, പി എച്ച് സി | 7 | 7 | 1490800 | 1262145 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 0 | 25000 | 0 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 4 | 2 | 755000 | 687534 |
| വി ഇ ഒ | 8 | 3 | 2974100 | 2340000 |
| ഐസിഡിഎസ് സൂപ്പർവൈസർ | 5 | 5 | 1483100 | 1403620 |
| സെക്രട്ടറി | 29 | 20 | 3247192 | 2552790 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 45 | 31 | 14825662 | 8111570 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 435650 | 377650 |

<u>പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്</u>

<u>(എ) ആസൂത്രണസമിതി</u>

2018-19 സാമ്പത്തിക വർഷം ആസൂത്രണ സമിതി 3 തവണ യോഗം ചേർന്നിട്ടുണ്ട്. 2018-19 പദ്ധതി അവലോകനം സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിക്കൽ 2019-20 പദ്ധതി രൂപീകരണത്തിനായുള്ള കരട് നിർദ്ദേശങ്ങൾ നല്കൽ ഗ്രാമസഭ ചേരുന്നതുമായും വികസന സെമിനാറുമായും ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നല്കൽ തുടങ്ങിയവയാണ് ആസൂത്രണ സമിതിയിലെ പ്രധാന അജണ്ടകൾ.

<u>(ബി) വർക്കിംഗ് ഗ്രൂപ്പുകൾ</u>

ഗ്രാമപഞ്ചായത്തിൽ പതിമൂന്ന് വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപീകൃതമായിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സിൽ പദ്ധതി അവലോകനവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ ഉണ്ടായിരുന്നില്ല. പദ്ധതി രൂപീകരണത്തിനായുള്ള നിർദ്ദേശങ്ങൾ നല്കുന്നതിലേക്ക് മാത്രമായി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ചുരുങ്ങിപ്പോകുന്നത് ഒട്ടും ആശാസ്യമല്ല. പദ്ധതി മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയായതിനാൽ മുഴുവൻ വർക്കിംഗ് ഗ്രൂപ്പുകളിലും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ നടത്തുന്നുണ്ടെന്നും വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കപ്പെടുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതിലേക്ക് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

<u>(സി) സ്റ്റാൻഡിംഗ് കമ്മറ്റികൾ</u>

നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായുള്ള ചർച്ചകൾ നടത്തുന്നുണ്ടെന്നും കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് നിർദ്ദേശങ്ങൾ നല്കുന്നുണ്ടെന്നും സ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സ് പരിശോധനയിൽ വ്യക്തമാകുന്നു. എന്നാൽ ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിലും പാലിയേറ്റീവ് പരിചരണ പദ്ധതിയുടെയും അംഗണവാടി പ്രവർത്തനങ്ങളുടേയും വിലയിരുത്തലിലും വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല.

<u>(ഡി)ഗ്രാമസഭ</u>:- ഓഡിറ്റ് വർഷം 3 തവണ ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. ഗ്രാമസഭകളിൽ സജീവമായ ചർച്ചകൾ നടക്കുന്നതായാണ് മിനുട്സുകൾ വ്യക്തമാക്കുന്നത്. പദ്ധതി രൂപീകരണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ അവതരിപ്പിക്കൽ തുടങ്ങിയവ ഗ്രാമപഞ്ചായത്തുകളുടെ മുന്നിൽ വരുന്ന വിഷയങ്ങളാണ്. എന്നാൽ ഓരോ പ്രദേശത്തിന്റെയും പ്രശ്നങ്ങൾ സംബന്ധിച്ച ചർച്ചകൾ വഴി പദ്ധതി നിർദ്ദേശങ്ങൾ വരുന്നതായി കാണുന്നില്ല. ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അർഹത നഷ്ടപ്പെടുന്ന വിഷയം ഗ്രാമസഭകളിൽ അജണ്ടയായി ഉൾപ്പെടുത്താവുന്നതാണ്. അതുപോലെ തന്നെ പദ്ധതി നിർവ്വഹണ വേളയിലും പദ്ധതി പൂർത്തീകരിച്ച ശേഷവുമുള്ള വിലയിരുത്തലും നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഗുണഭോക്തൃ ലിസ്റ്റ്:- സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.</u>

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 (സി) പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ച് മുൻഗണന ക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമ പഞ്ചായത്തിന് നല്കുക എന്നത് ഗ്രാമസഭയുടെ ചുമതലയാണ്. ജി.ഒ.(പി) 11/2018/ ത.സ്വ.ഭ.വ. തീയതി 29-01-2018 ഖ. 11.3 പ്രകാരം താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിച്ച് വേണം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്.

വ്യാപകമായ പ്രചരണം നല്കി ആവശ്യമായ മുഴുവൻ പേർക്കും അപേക്ഷ ഫോറം വിതരണം ചെയ്യണം. അപേക്ഷ സ്വീകരിച്ച ശേഷം അർഹത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് / തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കണം. അർഹരായവരിൽ നിന്ന് മുൻഗണന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻ പേരേയും ഉൾപ്പെടുത്തി കരട് മുൻഗണന ലിസ്റ്റ് തയ്യാറാക്കണം. കരട് മുൻഗണന ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് അന്തിമ മുൻഗണന ലിസ്റ്റ് അംഗീകരിച്ച തീരുമാനം ഗ്രാമസഭ മിനിട്സിൽ രേഖപ്പെടുത്തുകയും വേണം. ഗ്രാമസഭ അംഗീകരിച്ച് ലിസ്റ്റിന്റെ മുൻഗണന ക്രമം മാറ്റാതെ ഭരണ സമിതി അംഗീകാരം നല്കേണ്ടതാണ്. അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് തദ്ദേശ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ അന്തിമ ഗുണഭോക്തൃലിസ്റ്റിൽ നിരവധി ഉൾപ്പെടുത്തലുകളും എഴുതിച്ചേർക്കലുകളും നടന്നിട്ടുണ്ട്. അന്തിമ ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 230000 | 230000 | 230000 | 0 |
| ഭരണ ചെലവ് | 3300 | 126 | 3426 | 0 | 3426 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപെൻഷൻ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 7352400 | 579 |
| കർഷകതൊഴിലാളി പെൻഷൻ | 39600 | 3 |
| വിധവാപെൻഷൻ | 3171600 | 287 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 114000 | 10 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 1177800 | 92 |

# 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2019ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9082/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

തൻവർഷം 7 തവണ സ്റ്റാഫ് മീറ്റിംഗുകൾ ചേർന്നിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗുകളിൽ ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. എന്നാൽ നല്കുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് തൊട്ടടുത്ത മീറ്റിംഗുകളിൽ ഉറപ്പ് വരുത്തുന്നില്ല.
നിലവിൽ സൂചിക നിലവിലുണ്ടെങ്കിലും ആയത് പ്രവർത്തനക്ഷമമല്ല.

<u>പേഴ്സണൽ രജിസ്റ്റർ</u>:- പേഴ്സണൽ രജിസ്റ്റർ എല്ലാ ജീവനക്കാരും സൂക്ഷിക്കുന്നില്ല. സൂക്ഷിക്കുന്നവയിൽ കറന്റ് നമ്പർ വിഷയം എന്നിവ മാത്രമാണ് കാണിക്കുന്നത്. ഫയൽ തുടർ നടപടി സംബന്ധിച്ച് കാര്യങ്ങൾ രേഖപ്പെടുത്തുന്നില്ല. മുഴുവൻ സെക്ഷനുകളിലും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതും രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും ചേർക്കേണ്ടതുമാണ്.

<u>ദിവസവേതന നിയമനം സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല</u>:- ദിവസ വേതനത്തിൽ നിയമിക്കുന്നവരുടെ കാര്യത്തിൽ ജി.ഒ(പി) 28/2016/ധന തീയതി 26-02-2016, ജി.ഒ(പി)

56/2017/ധന തീയതി 28-04-2017, എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.2019 മുതൽ 16.11.2019 വരെ | 01.10.2019 മുതൽ 31.10.2019 വരെ | 18.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.12.2017 മുതൽ 23.12.2017 വരെ | 2012-13 മുതൽ 2016-17 വരെ | 09.02.2018 |

# 1-11 വാർഷികകണക്കിലെ അപാകതകൾ

1) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് (വസ്തു നികുതി-തൻവർഷം, കുടിശ്ശിക) എന്നിവ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2) 2018-19 ബുക്ക് അഡ്ജസ്റ്റ്മെന്റ് ആയി ക്രമീകരിച്ച തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3) പഞ്ചായത്ത് നല്കിയതും മൂന്നമാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ ചെക്കുകൾ 'ലയബിലിറ്റീസ് ഇൻ റസ്പെക്ട് ഓഫ് സ്റ്റെയിൽ ചെക്ക്സ്'' എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

വളപട്ടണം സർവ്വീസ് സഹകരണ ബാങ്ക് തനത് ഫണ്ട് അക്കൗണ്ട് - 3,616/-

ട്രഷറി ടി .എസ്.ബി അക്കൗണ്ട് 350

ഇന്ത്യൻ ഓവർസിസ് ബാങ്ക് തനത് ഫണ്ട് അക്കൗണ്ട് - 53,650/-

# 1-12 ലൈബ്രറിയിലേക്ക് നൽകുന്ന രശീതുകൾ പഞ്ചായത്തിന്റെ സ്റ്റോക്കിലെടുക്കുന്നില്ല.

2018-19 സാമ്പത്തിക വർഷം പഞ്ചായത്തു ലൈബ്രറിയിൽ നിന്നും രശീതിയിനത്തിൽ ₹15,546ൽ ഗ്രാമപഞ്ചായത്തിന് വരവുണ്ട്.

ലൈബ്രറിയിലേക്ക് പഞ്ചായത്തിൽ നിന്നും റസീറ്റ് ബുക്കുകൾ നൽകുമ്പോൾ അവ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. നിലവിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് അവ ലഭ്യമാകുന്ന മുറയ്ക്ക് വ്യക്തമായ രേഖപ്പെടുത്തലുകളില്ലാതെ ഒന്നാകെ ലൈബ്രറിയിലേക്ക് നൽകുകയാണ് ചെയ്തു വരുന്നത്. രശീതി ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കിലെടുത്ത് റസീപ്റ്റിൽ പഞ്ചായത്തിന്റെ സീൽ വച്ച് റസീപ്റ്റ് ബുക്കിനും റസീപ്റ്റുകൾക്കും പഞ്ചായത്തിൽ തന്നെ നമ്പറിട്ട് ലൈബ്രറിക്ക് അനുവദിക്കേണ്ടതും സെക്രട്ടറി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതുമാണ്. രശീതുകളിലെ

രേഖപ്പെടുത്തലുകൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചായിരിക്കേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ പാലിച്ച് രശീതികളുടെ കൈകാര്യം കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയില്ല.

കേരളാ പഞ്ചായത്ത് രാജ് നിയമം 204(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളും കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം 3, ഉപചട്ടം (1),(2) എന്നിവ പ്രകാരമുള്ള നിരക്കിനു വിധേയമായി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥനാണ്. വളപട്ടണം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗോഡൗണിൽ ജോലി ചെയ്യുന്ന ചുമട്ടു തൊഴിലാളികൾ നാളിതു വരെയായി തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. മേൽ വിഷയത്തിൽ പഞ്ചായത്തും ഡിപ്പോ മാനേജരും ഡിപ്പോയിലേക്ക് തൊഴിലാളികളെ ലഭ്യമാക്കുന്ന ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡും തമ്മിൽ നിരവധി കത്തിടപാടുകൾ നടന്നിട്ടുണ്ടെങ്കിലും നിലവിൽ ടാക്സ് റിട്ടേൺ പോലും സമർപ്പിക്കുകയുണ്ടായിട്ടില്ല. മേൽ വിഷയത്തിൽ കേരളാ പഞ്ചായത്ത് രാജ് നിയമം 205കെ വകുപ്പ്, ചട്ടം 24 എന്നിവയിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി പരിഷ്കരണ സമയത്ത് സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്താത്തതുമൂലം നിലവിൽ വസ്തു നികുതി ഡിമാന്റ് ചെയ്യപ്പെടാത്ത കെട്ടിടങ്ങളുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ നിന്നും വസ്തു നികുതി പരിഷ്കരണ സമയത്ത് സഞ്ചയ സോഫ്റ്റ്വെയറിൽ ഡാറ്റാ എൻട്രി നടത്താത്തതു മൂലം നിലവിൽ വസ്തു നികുതി ഡിമാൻറ് ചെയ്യപ്പെടാത്ത കെട്ടിടം പഞ്ചായത്തിലുണ്ടെന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് തീരുമാനം നം. 32/18 തി: 02.06.18 ൽ പ്രതിപാദിച്ചിരിക്കുന്ന ശ്രീ.പുതിയപറമ്പത്ത് മുസ്തഫ, ശ്രീമതി. അസനപാത്ത് കടവത്ത് ഷബാന എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം. ആയവർക്ക് കെട്ടിട നമ്പർ അനുവദിച്ച് വസ്തുനികുതി 2013-14 മുതലുള്ള കുടിശ്ശിക സഹിതം ഈടാക്കിയിട്ടുണ്ടെങ്കിലും ഇത്തരത്തിൽ വസ്തു നികുതി ഡിമാൻറ് ചെയ്യപ്പെടാത്ത കെട്ടിടങ്ങൾ ഇനിയും പഞ്ചായത്തിലുണ്ടാവാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. വസ്തു നികുതി പരിഷ്കരണ സമയത്ത് അതുവരെ നിലവിലുണ്ടായിരുന്ന എല്ലാ കെട്ടിടങ്ങളും സഞ്ചയ സോഫ്റ്റ്വെയറിലേക്ക് കൃത്യമായി ഡാറ്റാ എൻട്രി ചെയ്യപ്പെടുകയും വസ്തു നികുതി ഡിമാൻഡ് ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 വ്യക്തിഗത ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്- അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടുകൾ | 1) അടുക്കളത്തോട്ട വികസനം<br>2) മൺചട്ടി പച്ചക്കറി കൃഷി |
| പ്രോജക്റ്റ് നം | 1) 42/18-19<br>2) 34 /18-19 |
| അടങ്കൽ | 1) 63,624/- (വികസന ഫണ്ട്)<br>9,188/- (ഗുണഭോക്തൃവിഹിതം)<br>2) 3,64,500/- (വികസന ഫണ്ട്)<br>1,21,500/- (ഗുണഭോക്തൃവിഹിതം) |
| ചെലവ് | 1) 63,624/- (വികസന ഫണ്ട്)<br>9,188/- (ഗുണഭോക്തൃവിഹിതം)<br>2) 3,64,500/- (വികസന ഫണ്ട്)<br>1,21,500/- (ഗുണഭോക്തൃവിഹിതം) |

പ്രോജക്ട് നമ്പർ 1) 42/18-19 അടുക്കളത്തോട്ട വികസനം. 2) 34/18-19 മൺചട്ടി പച്ചക്കറി കൃഷി എന്നീ പദ്ധതികൾ പ്രകാരം യഥാക്രമം 150, 108 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളുടെ പരിശോധനയിൽ കണ്ട താഴെ പറയുന്ന അപാകങ്ങൾ വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.22/17.12.19) ക്ക് മറുപടി ലഭ്യമാക്കിയില്ല .

1) കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതികളുടെ ഫയലുകളിൽ ഉൾപ്പെട്ട അപേക്ഷകളിൽ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് മാർക്ക് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനങ്ങളിൽ മാർക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകളിൽ മാർക്ക് രേഖപ്പെടുത്താതെ ഗുണഭോക്താക്കളുടെ മാർക്ക് നിശ്ചയിച്ചത് എപ്രകാരമെന്ന് വ്യക്തമാക്കിയിട്ടില്ല .

2) സ.ഉ.(എംഎസ്)11/18/തസ്വഭവ തീയതി 29.01.18 ഖണ്ഡിക 11-3(3)മുതൽ (15) വരെയുള്ള വ്യവസ്ഥകൾ പ്രകാരം അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ടതും അർഹതയും മുൻഗണനയും ഫീൽഡ് ലെവൽ ഓഫീസർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പുതുക്കിയ മുൻഗണനാ ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭകളിൽ അവതരിപ്പിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണനാ ലിസ്റ്റ് ഗ്രാമസഭകൾ അംഗീകരിച്ച് മിനട്സിൽ തീരുമാനം രേഖപ്പെടുത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്താതെ ലിസ്റ്റിന് ഭരണ സമിതി അംഗീകാരം നല്കേണ്ടതാണ്. വ്യക്തിഗത

ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ ഇത്തരം നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല .

മേൽ അപാകങ്ങൾ വിശദമാക്കേണ്ടതാണ് . മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ലെന്നാണ് പ്രോജക്റ്റുകളുടെ പരിശോധനയിൽ കാണാനായത്. മോണിറ്ററിംഗ് സംവിധാനം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളേണ്ടതാണ് .

# 1-16 സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം സാധനങ്ങൾ വാങ്ങുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ, |
| പ്രോജക്റ്റ് | 5 കോഴിയും കൂടും |
| പ്രോജക്റ്റ് നം | 50 /18-19 |
| അടങ്കൽ | 35,500/- (വികസന ഫണ്ട് )<br>62,500/- (ഗുണഭോക്തൃ വിഹിതം)<br>-------<br>98800/- |
| ചെലവ് | 98,000/- (35500 വികസന ഫണ്ട് +62500/- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 1.ബിൽ നമ്പർ-പി15/18-19,21-01-19 ₹20000<br>2.ബിൽ നമ്പർ-പി23/18-19,25-02-19₹15500<br>3. ചെക്ക് നമ്പർ-861935 ,23-02-19₹40500<br>4. ചെക്ക് നമ്പർ-862072,11/02/19₹20000<br>5. ചെക്ക് നമ്പർ-861934 , 23/02/19 ₹2000 |
| ഇൻവോയ്സ് നമ്പർ | 1) 142/28-12-18 ₹40000<br>2) 145/23-02-19 ₹4000<br>3) 25/23-02-19 ₹ 54000 |

മേൽ കാണിച്ച ബില്ലുകൾ പ്രകാരം മാറിയ തുക 88 വനിത കർഷകർക്ക് 50% സബ്സിഡി നിരക്കിൽ 5 മുട്ടക്കോഴികളെയും 25% സബ്സിഡി നിരക്കിൽ 12 കൂടും വിതരണം ചെയ്യുന്നതിനാണ് വിനിയോഗിച്ചിരിക്കുന്നത്. പദ്ധതി പ്രകാരം 12 കൂട് വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും പ്രൊക്യൂർമെന്റ് കമ്മറ്റി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൂത്ത്പറമ്പ് ഹബീബ് ലൈവ് പൗൾട്രി & എക്വിപ്മെന്റ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ (ഇൻവോയ്സ് നമ്പർ 25/23-02-19 ₹ 54000) അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ(പി) നം259/2010 തീ.08.11.2010 ലെ ഖണ്ഡിക 3 ൽ ഗ്രാമ പഞ്ചായത്തുകൾ

മതിപ്പ് വില ₹25000 ന് മുകളിലും ₹100000-ന് താഴെയും ഉള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ സമ്പ്രദായം സ്വീകരിക്കേണ്ടതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. വാങ്ങലുകൾക്ക് ഗ്രാമ പഞ്ചായത്തിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരമുള്ള രീതി അവലംബിക്കേണ്ടതാണ്.

# 1-17 മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ - ഗ്രാമസഭയിൽ മാർക്ക് ലഭിക്കാത്തവർക്കും ആനുകൂല്യം

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ, |
| പ്രോജക്റ്റ് | മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ (വനിത) |
| പ്രോജക്റ്റ് നം | 51 /18-19 |
| അടങ്കൽ | 64,000/- (വികസന ഫണ്ട് )<br>64,000/- (ഗുണഭോക്തൃ വിഹിതം) |
| ആകെ | 1,28,000/- രൂപ |
| ചെലവ് | 25,579/- (വികസന ഫണ്ട് )<br>4,000/- (ഗുണഭോക്തൃ വിഹിതം)<br>ആകെ 29,579/- രൂപ<br>1.ബിൽ നമ്പർ-പി14/18-19,21-01-19 ₹3000<br>2.ബിൽ നമ്പർ-പി10/18-19,01-12-18 ₹2165<br>3. ബിൽ നമ്പർ-പി8/18-19,26-11-18 ₹4287<br>4.ബിൽ നമ്പർ-പി12/18-19,22-12-18 ₹10500<br>5.ബിൽ നമ്പർ-പി22/18-19,25-02-19₹1000<br>6. ബിൽ നമ്പർ-പി20/18-19,20-02-19 ₹4627<br>7 .ചെക്ക് നമ്പർ-862072,11-02-19 ₹3000<br>8. ചെക്ക് നമ്പർ-861934 ,23-02-19₹1000 |

16 വനിത കർഷകർക്ക് 10 മുട്ടക്കോഴിയും കൂടും വീതം പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരത്തോടെ നൽകുവാനാണ് പദ്ധതി ലക്ഷ്യമിട്ടത് . എന്നാൽ 8 വനിത കർഷകർക്ക് 50% സബ്സിഡി നിരക്കിൽ 10 മുട്ടക്കോഴികളെയും കൂടും വീതം വിതരണം ചെയ്തതിനാണ് തുക വിനിയോഗിച്ചിരിക്കുന്നത്. 4.2 ച.അടി വിസ്തീർണ്ണം ഉള്ള 7,000/- രൂപ വിലമതിപ്പുള്ള കൂട് ഗുണഭോക്താക്കൾ സ്വന്തമായി നിർമ്മിക്കേണ്ടതും എഞ്ചിനീയർ/ഓവർസീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം ഗുണഭോക്തൃ പട്ടികയിലുള്ള 16 പേരിൽ 8 പേർക്കാണ് ആനുകൂല്യം നൽകിയത്. ഈ 8 പേർക്ക് ആനുകൂല്യം നൽകിയതിൽ 2 ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം മാർക്ക് ലഭിക്കാത്തവരാണ് (ക്രമ നമ്പർ- 14,15). ഗുണഭോക്തൃ

പട്ടികയിലുള്ളവരും മുൻഗണന മാനദണ്ഡ പ്രകാരം അർഹതയുള്ള 6 പേർക്ക് (ക്രമ. നമ്പർ-2,3,4,9,10,13) കോഴിയും കൂടും വിതരണം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -19/17-12-19), ഗുണഭോക്തൃ പട്ടികയിൽ മുൻഗണന പ്രകാരമുള്ളവർക്ക് പദ്ധതിയിൽ താല്പര്യമില്ലാത്ത സാഹചര്യത്തിൽ അവരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ തൊട്ട് പിറകിലുള്ളവർ ഗുണഭോക്തൃവിഹിതം ഒടുക്കുവാനും കോഴിക്കൂട് നിർമ്മിക്കുവാനും തയ്യാറായതിനാൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുക എന്ന സദുദ്ദേശ്യത്തോടു കൂടി മാത്രമാണ് മാർക്ക് ലഭിക്കാത്തവർക്കും സബ്സിഡി (2 @ ₹2665) നൽകിയതെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരിച്ചത് . ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാതെ, പദ്ധതിപ്പണം ചെലവഴിക്കാൻ മാത്രം പദ്ധതി നിർവ്വഹണം നടത്തിയത് ജനകീയാസൂത്രണത്തിന്റെ അന്തസത്തക്ക് നിരക്കുന്നതല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-18 കുടുംബ ആരോഗ്യ കേന്ദ്രത്തിലേക്ക് കമ്പ്യൂട്ടർ ,ഫോട്ടോ കോപ്പിയർ , സ്ക്കാനർ മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-യുപിഎസ് ലഭ്യമാക്കിയില്ല ₹3565 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| പ്രോജക്റ്റ് | കുടുംബ ആരോഗ്യ കേന്ദ്രത്തിലേക്ക് കമ്പ്യൂട്ടർ ,<br>ഫോട്ടോ കോപ്പിയർ ,<br>സ്കാനർ മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| പ്രോജക്റ്റ് നം | 23/18-19 |
| അടങ്കൽ | ₹ 60,000/- മെയിന്റനൻസ് ഫണ്ട്(റോഡിതരം) |
| ആകെ | ₹ 60000/- രൂപ |
| ചെലവ് | ₹55948/- ബിൽ നമ്പർ-17/18-19,31-01-19 |
| ഇൻവോയ്സ് നമ്പർ | ITP/03945/19-20/31-07-19 ₹5952<br>ITP/05756/19-20/15-10-19 ₹10872<br>ITP/02640/19-20/18-07-19 ₹35559 |

കുടുംബ ആരോഗ്യ കേന്ദ്രത്തിലേക്ക് കമ്പ്യൂട്ടർ, ഫോട്ടോ കോപ്പിയർ, സ്കാനർ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി കെൽട്രോൺ 4646/TVM/ITBG/PI/RC/4646/17-18 dt. 15-12-18 നമ്പറായി നൽകിയ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള ഐ ടി മിഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ-79901140003959) ₹55948/- അനുവദിച്ചിട്ടുണ്ട്.

എന്നാൽ നാളിതു വരെയായും പ്രസ്തുത പ്രഫോർമ ഇൻവോയ്സ്, സപ്ലൈ ഓർഡർ എന്നിവ പ്രകാരം 3565/- രൂപ വിലയുള്ള യു.പി.എസ്. കെൽട്രോണിൽ നിന്നും ലഭ്യമാക്കിയിട്ടില്ല . മുൻകൂറായി തുക അനുവദിച്ചിട്ടും യുപിഎസ് ലഭ്യമാക്കുവാൻ കാലതാമസം വന്നതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 8/12-12-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് യുപിഎസ് ലഭ്യമാക്കുമെന്ന് കെൽട്രോൺ അറിയിച്ചിരിക്കുന്നതായാണ് മെഡിക്കൽ ഓഫീസർ സമർപ്പിച്ച മറുപടിയിൽ അറിയിച്ചത്. യുപിഎസ് ലഭ്യമാക്കാത്തതിനാൽ മുൻകൂർ നൽകിയ ₹3565 തടസ്സപ്പെടുത്തുന്നു.

## 1-19 വൈദ്യുതി,വെള്ളക്കരം ,ടെലഫോൺ ചാർജ് - പ്രോജക്ടിൽ തനത് ഫണ്ട് തുക വകയിരുത്താതെ ചെലവു ചെയ്തു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് | വൈദ്യുതി, വെള്ളക്കരം, ടെലഫോൺ ചാർജ്ജ് |
| പ്രോജക്ട് നം. | 31/18-19 |
| അടങ്കൽ | ₹230000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹ 186475 [മെയിന്റനൻസ് ഫണ്ട് (റോഡിതരം)] |
| തനത് ഫണ്ട് | ചെക്ക്-254405, 17-04-18 ₹17147<br>ബിൽനമ്പർ-1/30-05-18 ₹16133<br>ബിൽനമ്പർ-2/29-06-18 ₹30430<br>ബിൽനമ്പർ-5/30-07-18 ₹13436<br>ബിൽനമ്പർ-6/25-09-18 ₹35200<br>ബിൽനമ്പർ-8/31-10-18 ₹17833<br>ബിൽനമ്പർ-10/24-11-18 ₹17799<br>ബിൽനമ്പർ-14/3-12-18 ₹14645<br>ബിൽനമ്പർ-15/31-1-19 ₹13507 |

| | |
|---|---|
| | ബിൽനമ്പർ-18/27-02-19 ₹12266<br>ബിൽനമ്പർ-20/22-03-19 ₹15226 |
| ആകെ | 2,03,622/- രൂപ |

മേൽ പ്രോജക്ട് പ്രകാരം വളപട്ടണം സിഎച്ച്സിയുടെ വൈദ്യതി, വെള്ളക്കരം, ടെലഫോൺ ചാർജ് എന്നിവ ഒടുക്കുന്നതിനു വേണ്ടിയാണ് ₹230000/- രൂപ മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം) നിന്നും വകയിരുത്തിയത്. പദ്ധതികളുടെ ചെലവ് പത്രികയായ സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവ്, ഹാജരാക്കിയ വൗച്ചറുകളുമായി വ്യത്യാസപ്പെട്ടതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-2/12-12-19) ലഭിച്ച മറുപടിയിൽ വാർഷിക പദ്ധതിയുടെ അംഗീകാര നടപടികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ അടിയന്തരമായി വൈദ്യതി ചാർജ് ഒടുക്കേണ്ട ആവശ്യത്തിലേക്കായി തനത് ഫണ്ടിൽ നിന്നും ₹17147 ചെലവഴിച്ചതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നതെന്നാണറിയച്ചത്. വാർഷിക പദ്ധതിയിൽ തനത് ഫണ്ടിൽ തുക വകയിരുത്താതെ ചെലവഴിച്ചതിനാൽ കണ്ടിജന്റ് ചെലവുകൾക്കായി വകയിരുത്തിയ പദ്ധതി തുകയിൽ നിന്നും തനത് ഫണ്ടിലേക്ക് തുക തിരികെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ് .

## 1-20 പെയിൻ ആന്റ് പാലിയേറ്റീവ്- ഉപകരണങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹22848 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| പ്രോജക്ട് | പെയിൻ ആന്റ് പാലിയേറ്റീവ് |
| പ്രോജക്ട് നം. | 15/18-19 |
| അടങ്കൽ | ₹ 320800 (വികസന ഫണ്ട്)<br>₹ 100000 ( ബ്ലോക്ക് വിഹിതം)<br>₹ 100000 ( ജില്ലാ പഞ്ചായത്ത് വിഹിതം) |
| ആകെ | ₹ 520800 |
| ചെലവ് | ₹318472 (വികസന ഫണ്ട്)<br>₹ 93561 ( ബ്ലോക്ക് വിഹിതം)<br>₹ 52365 ( ജില്ലാ പഞ്ചായത്ത് വിഹിതം) |
| ആകെ | ₹ 464398 |
